**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **03-03-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. ഡാറ്റാബാങ്ക് ചോർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ ഡാറ്റാ ബേസ്/ വ്യക്തിഗത വിവരങ്ങൾ ഡാർക്ക് വെബ്ബിൽ ചോർന്നതായുള്ള പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ പി എസ് സി സർവറിൽ നിന്നോ ഡാറ്റാ ബേയ്സിൽ നിന്നോ ചോർന്നിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ വീഴ്ച്ച സംഭവിച്ചിട്ടുള്ളത് ആരുടെ ഭാഗത്താണെന്നും ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ എങ്ങനെയാണ് ചോരാൻ ഇടയായതെന്നും കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ പി എസ് സി സർവറിൽ നിന്നോ ഡാറ്റാ ബേയ്സിൽ നിന്നോ ചോർന്നിട്ടില്ല. |
| (സി) | പ്രസ്തുത വാർത്ത റിപ്പോർട്ട് ചെയ്ത മാധ്യപ്രവർത്തകർക്കും മാധ്യമസ്ഥാപനത്തിനുമെതിരെ പോലീസ് നടപടി സ്വീകരിച്ചതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഡാർക്ക് നെറ്റിൽ വിൽപ്പനയ്ക്ക് വച്ചു എന്ന പത്രവാർത്ത സംബന്ധിച്ച് കമ്മീഷനിൽ ചർച്ചയ്ക്കായി തയ്യാറാക്കിയ കുറിപ്പ്, ഒരു പത്രത്തിൽ അച്ചടിച്ച് വന്നതുമായി ബന്ധപ്പെട്ട് കെ.പി.എസ്.സി.യുടെ വിജിലൻസ് വിഭാഗം പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗിക രഹസ്യ രേഖ പത്രമാധ്യമത്തിന് ലഭിക്കാനിടയായ വിഷയത്തിൽ കുറ്റക്കാരെ കണ്ടെത്തുവാനായി ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് കെ.പി.എസ്.സി കത്ത് നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ പി.എസ്.സി. അടക്കമുള്ള വിവിധ സർക്കാർ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതുമായ വ്യക്തിഗത വിവരങ്ങളുടെയും വിശദാംശങ്ങളുടെയും ഡാറ്റാബേസ്, ക്ലൗഡ് സംവിധാനങ്ങൾ എന്നിവയുടെ സുരക്ഷാഭദ്രതയും ദൃഢതയും സംബന്ധിച്ച് സുരക്ഷാ ഓഡിറ്റ് നടത്തി ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഡേറ്റ സെന്ററിൽ പി.എസ്.സി യുടെ സെർവറിൽ ഡേറ്റ സുരക്ഷിതമാണ്. സർക്കാർ സൈബർ സെക്യൂരിറ്റിയുടെ ചുമതലയുള്ള Standardisation Testing and Quality Certification (STQC) വഴി സോഫ്റ്റ് വെയറുകൾ സെക്യൂരിറ്റി ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ആയതു നിർദിഷ്ട സമയങ്ങളിൽ വീണ്ടും സെക്യൂരിറ്റി ആഡിറ്റിന് വിധേയമാക്കുന്നുണ്ട്. നിലവിലുള്ള സുരക്ഷാ സംവിധാനങ്ങളെല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ